| (1) | (2) |
|---|---|
| ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2 | 2 |
| ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-I | 1 |
| ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് | 7 |
| സ്റ്റാഫ് നേഴ്സ് | 3 |
| നഴ്സിംഗ് അസിസ്റ്റന്റ് | 1 |
| പബ്ലിക് ഹെൽത്ത് നേഴ്സ് സൂപ്പർവൈസർ | 1 |
| പബ്ലിക് ഹെൽത്ത് നേഴ്സ് | 2 |
| ഹോസ്പിറ്റൽ അറ്റൻഡർ ഗ്രേഡ്-2 | 1 |
| പി.ടി.സി. | 1 |
| ഡ്രൈവർ | 1 |
| ലാബ് ടെക്നീഷ്യൻ | 1 |
| ഫാർമസിസ്റ്റ് | 1 |
| ഒപ്റ്റോമെട്രിസ്റ്റ് | 1 |

(ബി) 26-5-2014-ലെ സ.ഉ.(സാധ) നമ്പർ 1669/14/ആ.ക.വ. 1-1-2015-ലെ സ.ഉ. (സാധ) നമ്പർ 4/15/ആ.ക.വ. എന്നീ ഉത്തരവുകൾ പ്രകാരം എലിഞ്ഞിപ്ര സി.എച്ച്.സി.-യിൽ ഗൈനക്കോളജി, പീഡിയാട്രിക്സ് എന്നീ സ്പെഷ്യാലിറ്റി യൂണിറ്റുകൾ തുടങ്ങാൻ നടപടി സ്വീകരിച്ചുവരുന്നു.

(സി) കിടത്തി ചികിത്സാസൗകര്യം നിലവിലുള്ള ഈ ആശുപത്രിയിലെ ശരാശരി ഐ.പി. 12 ആണ്. ചാലക്കുടി ബ്ലോക്ക് പഞ്ചായത്തിന്റെ ഫണ്ട് ഉപയോഗിച്ച് അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി വനിതാ വാർഡിന്റെ നിർമ്മാണം നടന്നുവരുന്നു.

## കോഴിക്കോട് ജില്ലാ ഹോമിയോ ആശുപത്രി

**66 (758)** <u>ശ്രീ. എ. കെ. ശശീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലാ ഹോമിയോ ആശുപത്രിയിൽ നിലവിൽ ഏതൊക്കെ സ്പെഷ്യൽ ക്ലിനിക്കുകളാണ് പ്രവർത്തിക്കുന്നതെന്ന് വെളിപ്പെടുത്താമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) സ്പെഷ്യൽ ക്ലിനിക്കുകളിൽ ഡോക്ടർമാർ ഉൾപ്പെടെയുള്ള ജീവനക്കാരുടെ കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ കൂടുതൽ ജീവനക്കാരെ നിയമിക്കാനുള്ള നടപടി സ്വീകരിക്കുമോ ;

(ഡി) ജില്ലാ ഹോമിയോ ആശുപത്രിയിലെ സ്പെഷ്യൽ ക്ലിനിക്കിന്റെ പ്രവർത്തനമികവ് പരിഗണിച്ച് ഈ പദ്ധതി സംസ്ഥാനത്തൊട്ടാകെ നടപ്പിലാക്കാനുള്ള നടപടി സ്വീകരിക്കാമോ ?

**ഉത്തരം**

(എ) കോഴിക്കോട് ജില്ലാ ഹോമിയോ ആശുപത്രിയിൽ നിലവിൽ പ്രവർത്തിക്കുന്ന സ്പെഷ്യൽ ക്ലിനിക്കുകൾ താഴെപ്പറയുന്നവയാണ്:

| | | | |
|---|---|---|---|
| 1. | സീതാലയം | - | വനിതകളുടെ മാനസികാരോഗ്യം |
| 2. | ഇൻഫെർട്ടിലിറ്റി ക്ലിനിക്ക് | - | വന്ധ്യതാനിവാരണം |
| 3. | ഡിഅഡിക്ഷൻ സെന്റർ | - | ലഹരി വിമുക്ത ക്ലിനിക്ക് |
| 4. | സദ്ഗമയ | - | കൗമാരക്കാരുടെ മാനസിക ബൗദ്ധികാരോഗ്യ പരിപാടി |
| 5. | ആയുഷ് | - | ഹോളിസ്റ്റിക് ഹെൽത്ത് സെന്റർ (ഹോമിയോപ്പതി, ആയുർവേദം, നാച്ചുറോപ്പതി, യോഗ എന്നിവ സംയോജിപ്പിച്ച് ജീവിതശൈലീ രോഗനിയന്ത്രണവും ചികിത്സയും) |

(ബി) ഉണ്ട്.

(സി) വാർഷിക പദ്ധതി പ്രകാരം ഭരണാനുമതി നൽകപ്പെടുന്ന പദ്ധതി വിഹിതത്തിന്റെ ഭൂരിഭാഗവും വേജസ് ഇനത്തിന് തുടർച്ചയായി ചെലവഴിക്കാനാവില്ലാത്തതിനാൽ അവശ്യ തസ്തികകൾ ഒഴികെയുള്ള തസ്തികകളിൽ ഹോമിയോപ്പതി വകുപ്പിലെതന്നെ സ്ഥിരം മെഡിക്കൽ/പാരാമെഡിക്കൽ ജീവനക്കാരെ നിയോഗിച്ച്

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ട് പദ്ധതികൾ നടപ്പിലാക്കിവരുന്നു. സർക്കാരിന്റെ നിലവിലെ സാമ്പത്തിക സ്ഥിതിമൂലം കൂടുതൽ ജീവനക്കാരെ നിയമിക്കാനുള്ള നടപടി തത്കാലം സാധ്യമല്ല.

(ഡി) സീതാലയത്തിന്റെയും സദ്ഗമയയുടെയും സേവനം സംസ്ഥാനമൊട്ടാകെ ലഭിക്കുന്നതിനുള്ള നടപടികൾ ഈ വർഷം മുതൽ സ്വീകരിച്ചിട്ടുണ്ട്. ആയുഷ് ഹോളിസ്റ്റിക് സെന്റർ തുടങ്ങിയ മറ്റ് സ്പെഷ്യൽ ക്ലിനിക്കുകളുടെ സേവനംകൂടി സംസ്ഥാനമൊട്ടാകെ ഘട്ടംഘട്ടമായി ലഭിക്കുന്നരീതിയിൽ വരുംവർഷങ്ങളിൽ പദ്ധതി വ്യാപിപ്പിക്കുന്നതാണ്.

## ബാലുശ്ശേരി താലൂക്ക് ആശുപത്രി കാരുണ്യ ഫാർമസി

**67 (759)** <u>ശ്രീ. പുരുഷൻ കടലുണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബാലുശ്ശേരി താലൂക്ക് ആശുപത്രിയിൽ KMSCL നിർദ്ദേശിച്ച പ്രകാരം ഫാർമസി സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടും കാരുണ്യ ഫാർമസി ആരംഭിക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് നടപ്പിലാക്കുന്നതിലെ തടസ്സങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ ;

(സി) ഇതുസംബന്ധിച്ച് ചർച്ച ചെയ്യുന്നതിന് താലൂക്ക് ആശുപത്രി, KMSCL, ബാലുശ്ശേരി ബ്ലോക്ക് പഞ്ചായത്ത് അധികാരികളെ പങ്കെടുപ്പിച്ച് യോഗം വിളിക്കുന്നതിന് നിർദ്ദേശിക്കാമോ ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സർക്കാർ അനുവദിച്ച 35 കാരുണ്യ ഫാർമസികളുടെ പട്ടികയിൽ ബാലുശ്ശേരി താലൂക്ക് ആശുപത്രി ഉൾപ്പെട്ടിട്ടില്ല. കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ നേരിട്ടുള്ള നിയന്ത്രണത്തിലല്ലാതെ ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റിയുടെ നിയന്ത്രണത്തിൽ നടത്താനുദ്ദേശിക്കുന്ന കാരുണ്യ ഫാർമസിയുടെ ഫ്രാഞ്ചൈസിക്കുള്ള അനുമതി പരിഗണിക്കുവാൻ കഴിഞ്ഞിട്ടില്ല.

(സി) ബാലുശ്ശേരി താലൂക്ക് ആശുപത്രി, ബാലുശ്ശേരി ബ്ലോക്ക് പഞ്ചായത്ത് എന്നിവിടങ്ങളിലുള്ളവരെ പങ്കെടുപ്പിച്ചുകൊണ്ടുള്ള യോഗം വിളിക്കുന്നതിന് നടപടികൾ ജില്ലാ മെഡിക്കൽ ഓഫീസിൽനിന്നും സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly